"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന വടക്കാഞ്ചേരി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.62/2024/SCSTD തീയതി,തിരുവനന്തപുരം, 21-02-2024

---

പരാമർശം:-

1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 11/12/2023 ലെ SCDD/3188/2023/C1 (EDN C) നം കത്ത്
2. 29/1/2024 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് യോഗത്തിന്റെ 9-ാം നമ്പർ തീരുമാനം

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിൽ കുഴൽ കിണറുകൾ ഉണ്ടെങ്കിലും അവയിൽ നിന്നും മെസ്സിലേക്ക് ആവശ്യമായ വെള്ളം മാത്രമാണ് ലഭിക്കുന്നതെന്നും ജനുവരി ആദ്യ വാരം മുതൽ കുഴൽക്കിണറുകളിൽ ജലക്ഷാമം രൂക്ഷമാകുന്നതാണെന്നും അത് പരിഹരിക്കുന്നതിലേയ്ക്കായി, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള 80,00,000/- രൂപയുടെ (എൺപത് ലക്ഷം രൂപാ മാത്രം) എസ്റ്റിമേറ്റ് തൃശ്ശൂർ ജില്ല പട്ടികജാതി വികസന ഓഫീസർ ശിപാർശ ചെയ്ത് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നു. നിലവിലുള്ള കുഴൽ കിണറുകളെ മാത്രം ആശ്രയിച്ച് സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യമായതിനാലും ടാങ്കറിൽ വെള്ളം വാങ്ങി ഉപയോഗിക്കുന്നതിനു ഭീമമായ തുക ചെലവ് വരുന്നതിനാലും കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള വാട്ടർ കണക്ഷൻ ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും അതിനാൽ പ്രസ്തുത പ്രൊപ്പോസൽ വകുപ്പുതല വർക്കിംഗ് യോഗത്തിൽ പരിഗണിക്കുന്നതിനായി പരാമർശം (1) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുന്ന പക്ഷം ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-58 (പ്ലാൻ) ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 29/1/2024 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും ജലജീവൻ മിഷൻ മുഖേനയുള്ള വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൂടി പരിശോധിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന വടക്കാഞ്ചേരി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജലജീവൻ മിഷൻ മുഖേനയുള്ള വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൂടി പരിശോധിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി, കേരള വാട്ടർ അതോറിറ്റി മുഖേന വാട്ടർ കണക്ഷൻ എടുക്കുന്നതിനായി 80,00,000/- (എൺപതു ലക്ഷം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-58 (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. പട്ടികജാതി വികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം) ശ്രീമതി. സിന്ധു പരമേശിനെ ടി പ്രവൃത്തിയുടെ നോഡൽ ഓഫീസറായി നിയമിച്ചു കൊണ്ട് ഇതോടൊപ്പം ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്വപ്ന.എം
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം),പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,.എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
ചീഫ് , വികേന്ദ്രീത ആസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sreelekha. G.
Date: 21-02-2024 14:44:48

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകപ്പ് മന്ത്രിയുടെ പി.എസ് - ന്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി2) സീറ്റ്.